പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.53 * | 01.12.2015 ൽ മറുപടിയ്ക്ക്

## യുവജന നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.2013 മാർച്ച് 4-ാം തീയതി കേരളത്തിലെ യുവജനങ്ങളുടെ ക്ഷേമത്തിനായി കേരള സർക്കാർ യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത നയംവഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വ്യത്യസ്ത ചുറ്റുപാടുകളിൽ ജീവിക്കുന്ന യുവജനങ്ങളെ വിദ്യാഭ്യാസം, തൊഴിൽ,കൃഷി, മൃഗസംരക്ഷണം, ആരോഗ്യം-കായികം, കലയും സംസ്കാരവും, സാമൂഹികധർമ്മം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുവായുള്ളവ എന്നീ 9 പ്രത്യേക സാമൂഹിക വിഭാഗങ്ങളായി തരംതിരിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടാണ് യുവജനനയം രൂപീകരിച്ചിട്ടുള്ളത്. പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ സാഹചര്യങ്ങളിൽ അതിദ്രുതം സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുപൂരകമായി യുവജനങ്ങളുടെ സമഗ്രവികസനം സാധ്യമാക്കുന്നതരത്തിൽ കാലോചിതമായ നയമാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളത്. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന തത്വം അടിസ്ഥാനപ്പെടുത്തിയാണ് ഈ നയം രൂപീകരിച്ചിരിക്കുന്നത്. നിയമസഭയിലെ യുവ സാമാജികർ, യുവാക്കളായ ജനപ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ, യുവ മാധ്യമ പ്രവർത്തകർ, യുവ കലാസാഹിത്യകാരൻമാർ, വിവിധ മേഖലകളിലെ വിദഗ്ദർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിലും എല്ലാ ജില്ലകളിലും |

നടത്തിയ വിശദമായ ചർച്ചകളിലൂടെ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചാണ് ഈ നയം നിർമ്മിച്ചിട്ടുള്ളത്. യുവജനങ്ങളുടെ വികസനവും യുവജനങ്ങളിലൂടെ നാടിന്റെ വികസനവും സാധ്യമാക്കുന്നതിന് പുതിയ നയം പ്രത്യേകം ഊന്നൽ നൽകുന്നു.

| | |
|---|---|
| (സി) പ്രസ്തുത നയം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | സി) യുവജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിൽരഹിതർക്കു വേണ്ടി ജോബ്ഫെസ്റ്റുകൾ, യുവസംരംഭകത്വ പരിശീലനങ്ങൾ എന്നിവയും ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി ബ്രെയിലി ലൈബ്രറിയും കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്കായി ദുരന്തനിവാരണ സേന, മദ്യം മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജ്ജനി, രക്തദാനസേന — ജീവദായനി മുതലായ പരിപാടികൾ ബോർഡ് നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ യുവജനക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും അംഗീകൃത പ്രോജക്റ്റുകൾക്കുമായി ധനസഹായം നൽകി വരുന്നു. മാത്രമല്ല കേരളോത്സവം, യുവശക്തി തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിലും യുവജന നയത്തിനനുസരിച്ച് കാതലായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ